
5 ജൂൺ 2015

വില 15 രൂപ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം



## എൻ.വി. സാധിച്ച ഗതിവിധാനം

## കാൻസർമരുന്നിന്റെ കണ്ടുപിടിത്തകഥ

ലോകകവിത

ഡോ.എൻ.ഷംനാദ്

# സ്വാതന്ത്ര്യം തന്നെ മനുഷ്യത്വം

**ഈ വർഷത്തെ ആശാൻ കവിതാപുരസ്കാരം നേടിയ വിഖ്യാത അറബ് കവി അഡോണിസുമായി നടത്തിയ** കവിയുമായൊരു മുഖാമുഖം പരിപാടി

ഈ വർഷത്തെ ആശാൻ വിശ്വകവിതാ പുരസ്കാരം വിഖ്യാത അറബ് കവി അഡോണിസിനാണ് നൽകപ്പെട്ടത്. സിറിയാക്കാരനായ അലി അഹ്മദ് സഈദ് ഇസ്ബർ എന്ന അഡോണിസ് സമകാലിക അറബ് കവിതയിലെ ഏറ്റവും വലിയ കവിയായി വാഴ്ത്തപ്പെടുന്ന വ്യക്തിയാണ്. ഖലീൽ ജിബ്രാന് ശേഷം ഇത്രയേറെ വായിക്കപ്പെട്ടിട്ടുള്ള മറ്റൊരു അറബി എഴുത്തുകാരൻ വേറെയുണ്ടാവില്ല. കവി, ചിന്തകൻ, നിരൂപകൻ, പത്രാധിപർ, അധ്യാപകൻ, ആക്ടിവിസ്റ്റ് എന്നീ തലങ്ങളിൽ പ്രതിഭ തെളിയിച്ചിട്ടുള്ള അഡോണിസിന്റെ ചില രചനകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. തികച്ചും ഉൽപ്പതിഷ്ണുവായ നിലവിലുള്ള അധികാരവ്യവസ്ഥിതികളെ ചോദ്യം ചെയ്യുന്ന എഴുത്തുകാരനാണ് അഡോണിസ്. തിരുവനന്തപുരം കായിക്കര ആശാൻ സ്മാരകത്തിൽ കുമാരനാശാൻ ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി 2015 മെയ് 4 തിങ്കളാഴ്ച നടന്ന കവിയുമായൊരു മുഖാമുഖം പരിപാടിയിൽ സമൂഹത്തിന്റെ വിവിധ തുറകളിൽനിന്നുള്ള സാഹിത്യാസ്വാദകരുമായി അദ്ദേഹം സംവദിച്ചു. തന്റെ കവിതാനുഭങ്ങളെയും, അറബികവിതയേയും, അറബ് സംസ്കാരത്തെക്കുറിച്ചും ആയിരുന്നു അദ്ദേഹത്തിന്റെ സംസാരം.


> ജനിച്ചനാട്ടിൽ തന്നെ ജീവിക്കാൻ കൊതിച്ചയാളായിരുന്നു ഞാൻ. എന്നാൽ ആശയ സ്വാതന്ത്ര്യമാണ് പരമപ്രധാനമെന്ന് കരുതിയ ഞാൻ സിറിയയിൽ നിന്നും പുറത്തുപോകാൻ നിർബന്ധിതനാവുകയായിരുന്നു.

ചോദ്യം: : **കവിതയെ സമൂഹത്തെ മാറ്റുന്നതിനുള്ള ഒരു ഉപകരണമായി താങ്കൾ കാണുന്നുണ്ടോ?**

അഡോണിസ്: നോക്കൂ, മാറ്റത്തിന് വിവിധരൂപങ്ങളും, അധികാരശ്രേണിയിലുണ്ടാകുന്ന മാറ്റങ്ങളും. എന്നാൽ ഒരു വ്യക്തിക്ക് തന്റെ ഉള്ളിലും പുറത്തുമുള്ള ലോകവുമായുള്ള ബന്ധത്തിൽ മാറ്റമുണ്ടാകുന്നുണ്ടോ എന്നതാണ് പരമപ്രധാനമായ മാറ്റമായി ഞാൻ കാണുന്നത്. നാം എങ്ങനെയാണ് നമ്മെ മനസ്സിലാക്കുന്നത്? എങ്ങനെയാണ് ജീവിതത്തെയും ഭാവിയെയും സഹജീവികളെയും നോക്കിക്കാണുന്നത്? ഈ വീക്ഷണകോണുകളിൽ ഗണ്യമായ മാറ്റം സാധ്യമാക്കാൻ കവിതയ്ക്ക് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. കവിത ഏറ്റവും നല്ലപഠനോപകരണമാണ് എന്നാണ് എന്റെ പക്ഷം. സ്വയം അറിയാത്ത ഒരാൾക്ക് ഒരിക്കലും അപരനെ മനസ്സിലാക്കാൻ കഴിയില്ല. മാത്രമല്ല, കവിത ബോധമനസ്സിന് അജ്ഞാതമായ കാര്യങ്ങളിലേക്ക് പോലും കവിയെക്കൂട്ടിക്കൊണ്ട് പോകുന്നതായി ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

ചോദ്യം: **സിറിയയിൽ ജനിച്ച വ്യക്തിയാണ് താങ്കൾ. പിന്നീട് ലബനണിലേക്ക് പോയി ഇപ്പോൾ പാരീസിലാണ് താമസം. സ്വന്തം നാടിന്റെ ഗൃഹാതുരത്വത്തെ കുറിച്ച് എന്ത് പറയുന്നു?**

അഡോണിസ്: ജനിച്ചനാട്ടിൽ തന്നെ ജീവിക്കാൻ കൊതിച്ചയാളായിരുന്നു ഞാൻ. എന്നാൽ ആശയ സ്വാതന്ത്ര്യമാണ് പരമപ്രധാനമെന്ന് കരുതിയ ഞാൻ സിറിയയിൽ നിന്നും പുറത്തുപോകാൻ നിർബന്ധിതനാവുകയായിരുന്നു. സ്വാതന്ത്ര്യം ഇല്ലെങ്കിൽ മനുഷ്യത്വം തന്നെ നഷ്ടപ്പെടും.



സോഷ്യലിസ്റ്റ് ആശയങ്ങൾക്കായി ശബ്ദം ഉയർത്തിയതിനാൽ ഭരണകൂടം എന്നെ ഒരു വർഷത്തോളം അഴിക്കുള്ളിലടച്ചു. പിന്നീടാണ് ലബനോണിലെത്തിയത്. കവി, അധ്യാപകൻ, പ്രസാധകൻ, ആക്ടിവിസ്റ്റ് എന്നീ വേഷങ്ങളിൽ ജീവിതത്തിന്റെ നല്ല ഭാഗവും ഞാൻ ബെയ്റൂട്ടിലായിരുന്നു. എന്നാൽ 1982 ലെ ലബനണിലെ ഇസ്രായേൽ അധിനിവേശത്തെത്തുടർന്ന് എനിക്ക് അറബ് ലോകത്ത് നിന്ന് തന്നെ പലായനം ചെയ്യേണ്ടി വന്നു. എനിക്ക് വേണമെങ്കിൽ അമേരിക്കയിലേക്ക് പോകാമായിരുന്നു. എന്നാൽ ഞാൻ തിരഞ്ഞെടുത്തത് പാരീസിനെയായിരുന്നു. ജീവിതത്തിൽ ഏറ്റവും വിലമതിച്ച സ്വാതന്ത്ര്യം പാരീസ് എനിക്ക് വേണ്ടുവോളം തന്നിട്ടുണ്ട്. പക്ഷേ, അപ്പോഴും ജന്മനാട്ടിലേക്ക് തിരിച്ചുപോകുവാൻ ഒരവസരം ലഭിച്ചാൽ ഞാനായിരിക്കും ലോകത്ത് ഏറ്റവും സന്തോഷിക്കുന്ന വ്യക്തി.

ചോദ്യം: **സമകാലിക അറബി കവിതയും ലോകകവിതയും തമ്മിൽ താങ്കൾ എങ്ങനെയാണ് താരതമ്യം ചെയ്യുക?**

അഡോണിസ്: ലോകകവിത എന്ന സംജ്ഞ തന്നെ ഒരു ഏകകമല്ല. വിവിധ ദേശങ്ങളിലെ സാഹിത്യത്തിന് വിവിധ ഭാവങ്ങളാണ്. ഇന്ത്യ, യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക, ചൈന, അറബ് പ്രദേശങ്ങൾ തുടങ്ങിയ ദേശങ്ങൾക്കൊക്കെ അവരുടേതായ സാഹിത്യ പൈതൃകങ്ങളുണ്ട്. എന്നാൽ ഇവയെ തമ്മിൽ താരതമ്യം ചെയ്യുക എന്നത് വളരെ ദുഷ്കരമായ കാര്യമായിരിക്കും. ഇനി അറബികവിതയുടെ കാര്യമെടുക്കുകയാണെങ്കിൽ അത് ലോകകവിതയുടെ ഒരു ഭാഗംതന്നെയായിരുന്നു. എന്നും ലോകകവിതാരംഗത്ത് പ്രത്യേകിച്ച് ഫ്രഞ്ച്- ഇംഗ്ലീഷ് കവിതകളിലുണ്ടായ മാറ്റങ്ങൾ അറബികവിതയിൽ വലിയ മാറ്റങ്ങളാണുണ്ടാക്കിയിട്ടുള്ളത്. എന്നല്ല, ലോകകവിതാരംഗത്തെ മാറ്റങ്ങൾ ഏറ്റവും ആദ്യം ഉൾക്കൊണ്ട പ്രദേശം ഒരുപക്ഷേ അറബ് ലോകമായിരിക്കും.

ചോദ്യം: **കവിത എഴുതിത്തുടങ്ങിയ കാലത്തും, പിന്നീട്**



**മനുഷ്യനാണ് അവന്റെ പാരമ്പര്യത്തെ സൃഷ്ടിക്കുന്നത്, മറിച്ചല്ല. മനുഷ്യന്റെ സ്വത്വബോധത്തിന് അവന്റെ പാരമ്പര്യവുമായി ഒരു ബന്ധവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു.**

**ഇപ്പോൾ കവിത എഴുതുമ്പോഴുമുള്ള മാനസിക അവസ്ഥയെന്താണ്?**

അഡോണിസ്: കവിത എന്റെ ലോകത്തെയാകെ മാറ്റിമറിച്ചുകളഞ്ഞു എന്ന് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ലോകത്തിന്റെ വിവിധ ചക്രവാളങ്ങളിലേക്ക് അതെന്നെ കൂട്ടിക്കൊണ്ടുപോയി. സത്യത്തിൽ ഞാൻ ജനിച്ചത് തന്നെ കവിതയിലായിരുന്നു എന്ന് പറയാം. എനിക്ക് ജന്മം നൽകിയത് രണ്ട് അമ്മമാരാണ്. ഒന്ന് പെറ്റമ്മയാണെങ്കിൽ മറ്റേത് കവിതയാണ്. എന്നാൽ ഇന്ന് കവിതയുമായുള്ള എന്റെ ബന്ധം മറ്റൊരുതലത്തിലാണ്. ചെറുപ്പത്തിൽ കവിത എന്റെ ജീവിതത്തെ മാറ്റിമറിച്ചിരുന്നുവെങ്കിൽ ഇപ്പോൾ ഞാൻ കവിതയെ മാറ്റിമറിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ചോദ്യം: **പാശ്ചാത്യ - പൗരസ്ത്യലോകമൂല്യങ്ങൾ തമ്മിലുള്ള ആശയസംഘർഷം ആധുനികലോകത്തെ ഒരു പ്രധാന ചിന്താവിഷയമാണല്ലോ? അറബ് വസന്താനന്തര അറബ് സമൂഹവും പടിഞ്ഞാറൻ ചിന്തകളും തമ്മിൽ സംഘർഷത്തിന്റെ പാതയിലാണെന്ന് താങ്കൾ കരുതുന്നുണ്ടോ?**

അഡോണിസ്: എല്ലാ സമൂഹങ്ങളിലും പഴമയും പുതുമയും തമ്മിലുള്ള സംഘർഷങ്ങൾ പതിവാണ്. സാമൂഹിക പരിഷ്കരണങ്ങളെല്ലാം ഉണ്ടായിട്ടുള്ളത് ഇവയുടെ ഫലമായിട്ടായിരിക്കും. മാറ്റത്തിനു വേണ്ടിയുള്ള ആഹ്വാനം എവിടെയും ഉണ്ടാകാറുണ്ട്. എന്നാൽ ഈ സംഘർഷത്തിന്റെ മൂർച്ച പല സമൂഹങ്ങളിലും പലതരത്തിലായിരിക്കും. അറബ്-ഇസ്ലാമിക സമൂഹങ്ങളുടെ കാര്യമെടുക്കുകയാണെങ്കിൽ സാംസ്കാരികമാറ്റം എളുപ്പമല്ല. കാരണം ഇസ്ലാമിക സംസ്കാരം മൂന്ന് അടിത്തറകളിലാണ് നിലകൊള്ളുന്നത്. ഒന്നാമതായി പ്രവാചകനായ മുഹമ്മദ് നബി അവസാന പ്രവാചകനാണെന്ന് മുസ്ലീംകൾ വിശ്വസിക്കുന്നു. രണ്ടാമതായി ആ പ്രവാചകൻ പരിചയപ്പെടുത്തിയ മതനിയമങ്ങൾ അന്തിമമാണ്. മൂന്നാമതായി മതനിയമങ്ങളിൽ മാറ്റം വരുത്തുവാൻ വിശ്വാസിക്ക് അവകാശമില്ല. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള സാംസ്കാരിക പരിസരത്തിൽ വലിയ മാറ്റമുണ്ടാകുക എന്നത് ദുഷ്കരമായ കാര്യമായിരിക്കും. ഇസ്ലാമിക സമൂഹത്തിലെ സാംസ്കാരിക സംഘർഷങ്ങൾ എട്ടാംനൂറ്റാണ്ടിലെ അബ്ബാസി ഭരണകാലഘട്ടം മുതൽ തുടങ്ങിയതാണ്. അന്ന് ചിന്തകരും, സൂഫികളും ഉയർത്തിയ പുതുചിന്തകൾ അടിച്ചമർത്തപ്പെടുകയായിരുന്നു. തങ്ങളുടെ അധികാരം നിലനിർത്താൻ പൈതൃകത്തെ ദുരുപയോഗം ചെയ്യുകയായിരുന്നു. വിവിധകാലഘട്ടങ്ങളിലെ അധികാര കേന്ദ്രങ്ങൾ. ഈ സംഘർഷം തുടരുകതന്നെ ചെയ്യും. എന്നാൽ ആധുനികാലമായതോടെ ഈ സംഘർഷം ഇസ്ലാമിക പാരമ്പര്യമൂല്യങ്ങളും, പടിഞ്ഞാറൻ സംസ്കാരവും തമ്മിലുള്ള പോരാട്ടമായി മാറുകയായിരുന്നു.

ചോദ്യം: **പൈതൃകത്തെയും പാരമ്പര്യത്തെയും എങ്ങനെയാണ് താങ്കൾ സമീപിക്കുന്നത്?**

അഡോണിസ്: പൈതൃകവുമായുള്ള ബന്ധം എന്റെ ജീവിതത്തെ മാറ്റിമറിച്ചിരിക്കുകയായിരുന്നു. കവിത എനിക്ക് മനസ്സിലാക്കിത്തന്ന ഒരു കാര്യമുണ്ട്. മനുഷ്യനാണ് അവന്റെ പാരമ്പര്യത്തെ സൃഷ്ടിക്കുന്നത്, മറിച്ചല്ല. മനുഷ്യന്റെ സ്വത്വബോധത്തിന് അവന്റെ പാരമ്പര്യവുമായി ഒരു ബന്ധവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഓരോ വ്യക്തിയും പ്രവർത്തനങ്ങളിലൂടെയും ചിന്തകളിലൂടെയും തന്റെ സ്വത്വം സൃഷ്ടിച്ചെടുക്കുകയാണ്. അവനെയും അവന്റെ സംസ്കാരത്തെയും തന്റെ ശത്രുവായല്ല കാണേണ്ടത്. സത്യത്തിൽ അപരൻ നമ്മുടെ സ്വത്വത്തിന്റെ ഭാഗം തന്നെയാണ്. മധ്യകാലഘട്ടത്തിൽ ജീവിച്ചിരുന്ന അറബ് കവി അബൂഹയ്യാൻ അൽതൗഹീദി എഴുതിയത് ഓർത്തുപോകുന്നു.

'അപരനായ വ്യക്തി സത്യത്തിൽ നീ തന്നെയാകുന്നു.'

വിജ്ഞാനകൈരളി